# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/202/2017 2017 സെപ്റ്റംബർ 27

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2017 ജൂലൈ മാസത്തിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. മ്യൂസിക് - വോക്കൽ (റെഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ പ്രാക്ടിക്കൽ ഒക്ടോബർ 4, 5, 6 തീയതികളിലായി ആർ.എൽ.വി. കോളേജിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

അഫിലിയേറ്റഡ് കോളേജുകളിൽ 2017 മെയ് മാസം നടത്തിയ എട്ടാം സെമസ്റ്റർ ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 11 വരെ അപേക്ഷിക്കാം.

2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ദ്വിവത്സര എം.എഡ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 11 വരെ അപേക്ഷിക്കാം.

2016 ഡിസംബറിൽ നടത്തിയ അവസാനവർഷ ബി.എസ്.സി. പാർട്ട് 3 മെയിൻ (മോഡൽ ഒന്ന്) സപ്ലിമെന്ററി /മേഴ്സി ചാൻസ് പരീക്ഷയുടെ (ഗണിതശാസ്ത്രം ഒഴികെ) ഫലം പ്രസിദ്ധീകരിച്ചു. ഫലം സർവ്വകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 11 വരെ അപേക്ഷിക്കാം.

### ഒന്നാം സെമസ്റ്റർ യു.ജി. ഉത്തരക്കടലാസ്സ്

2016 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ./ബി.എസ്.സി./ബി.കോം ഉൾപ്പെടെയുള്ള യു.ജി. പരീക്ഷകളുടെ ഫലം അടിയന്തിരമായി പ്രസിദ്ധപ്പെടുത്താൻ ബഹു. കേരളാ ഹൈക്കോടതി ഉത്തരവിട്ടിരിക്കുന്നതിനാൽ, മൂല്യനിർണ്ണയത്തിനായി ഉത്തരക്കടലാസുകൾ കൈപ്പറ്റിയ അദ്ധ്യാപകർ, മൂല്യനിർണ്ണയം പൂർത്തിയാക്കി ഉത്തരക്കടലാസുകൾ ഒക്ടോബർ 3ന് ബന്ധപ്പെട്ട കോളേജ് ഓഫീസിൽ നിന്നും സർവ്വകലാശാലാ അധികൃതരെ ഏല്പിക്കേണ്ടതാണ്.

### എൻ.എസ്.എസ്. പഞ്ചദിന ശില്പശാല സമാപിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്കുവേണ്ടി നടത്തിയ പഞ്ചദിന ശിൽപ്പശാല സമാപിച്ചു. ബ്രിട്ടീഷ് കൗൺസിലിന്റെയും രാജീവ്ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡെവലപ്മെന്റിന്റെയും നേതൃത്വത്തിലുള്ള ആക്റ്റീവ് സിറ്റിസൺസ് പ്രോഗ്രാമിന്റെ ഭാഗമായാണ് ഈ ശിൽപ്പശാല സംഘടിപ്പിച്ചത്. എൻ.എസ്.എസ്. വോളണ്ടിയർമാരെ സാമൂഹ്യബോധമുള്ള പൗരന്മാരായി വാർത്തെടുക്കുന്നതിനുവേണ്ടി പ്രോഗ്രാം ഓഫീസർമാർക്ക് പരിശീലനം നൽകുകയാണ് ശില്പശാലയുടെ ലക്ഷ്യം. സർവ്വകലാശാലാ രജിസ്ട്രാർ സമാപനസന്ദേശം നൽകിയ ചടങ്ങിൽ എൻ.എസ്.എസ്. റീജിയണൽ ഡയറക്ടർ സജിത് ബാബു, ബ്രിട്ടീഷ് കൗൺസിൽ സീനിയർ പ്രോജക്ട് മാനേജർ എ.ജെ. സോളമൻ, എൻ.എസ്.എസ്. പ്രോഗ്രാം കോ ഓർഡിനേറ്റർ ഡോ. സന്തോഷ് പി തമ്പി, സിജിമോൾ സി. ജി. എന്നിവർ സംസാരിച്ചു.

### അടിക്കുറിപ്പ്

**മഹാത്മാഗാന്ധി സർവ്വകലാശാലയിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്കുള്ള പഞ്ചദിന ശില്പശാലയുടെ സമാപനസമ്മേളനത്തിൽ സർവ്വകലാശാലാ രജിസ്ട്രാർ എം.ആർ. ഉണ്ണി സംസാരിക്കുന്നു**

### എം.ജി. പി.വി.സി.യ്ക്ക് ഫ്രഞ്ച് സർവ്വകലാശാലയുടെ ഓണററി ബിരുദം

മഹാത്മാഗാന്ധി സർവ്വകലാശാല, പ്രോ വൈസ് ചാൻസലറും ലോക പ്രശസ്ത പോളിമർ

ശാസ്ത്രജ്ഞനുമായ പ്രൊഫ. സാബു തോമസിനെ ഫ്രാൻസിലെ ലൊറേയ്ൻ യൂണിവേഴ്സിറ്റി ഓണററി ഡോക്ടർ ഓഫ് സയൻസ് ബിരുദം നൽകി ആദരിച്ചു. സെപ്തംബർ 22ന് ഫ്രാൻസിലെ നാൻസിയിൽ നടന്ന ചടങ്ങിൽ ലൊറെയ്ൻ സർവ്വകലാശാലാ പ്രസിഡന്റ് പ്രൊഫ. പിയറി മുടൻഹാർട്ടാണ് ബിരുദദാനം നടത്തിയത്. നാനോ ടെക്നോളജി, പോളിമർ സയൻസ്, മുതലായ ശാസ്ത്ര ഗവേഷണരംഗത്ത് നൽകിയ സംഭാവനകളെ അധികരിച്ചാണ് പ്രൊഫ. സാബു തോമസ് ഈ അംഗീകാരത്തിനർഹനായത്. കേരളത്തിലെ ഒരു പ്രൊഫസർക്ക് വിദേശസർവ്വകലാശാലയുടെ ഓണററി ബിരുദം ലഭിക്കുന്നത് ഇതാദ്യമായാണ്.

അക്കാദമിക, ഗവേഷണ പ്രബന്ധ വിനയോഗ സൂചികയിൽ അഞ്ചാം സ്ഥാനത്തിനർഹനായ പ്രൊഫ. സാബു തോമസ് അറുപതോളം ഗ്രന്ഥങ്ങളുടെ രചയിതാവും, 81 പി.എച്ച്.ഡി. ബിരുദങ്ങൾക്ക് ഗവേഷണ മാർഗ്ഗദർശിയുമാണ്. 720 ഗവേഷണ പ്രബന്ധങ്ങളുടെയും 31000 സൈറ്റേഷനുകളടെയും ഉടമയായ പ്രൊഫ. സാബു തോമസ്, ഗവേഷണനിലവാരത്തിന്റെ സൂചികയായ എച്ച് ഇൻഡക്സ് 81 നേടിയിട്ടുണ്ട്. അമേരിക്കയിൽ നെഹ്റു ഫുൾബ്രൈറ്റ് അഡ്മിനിസ്ട്രേറ്റീവ് സെമിനാറിൽ പ്രത്യേക ക്ഷണിതാവായി പങ്കെടുക്കാൻ ഒക്ടോബർ ആദ്യം ഡോ. സാബു തോമസ് യു.എസിലേക്ക് തിരിക്കും.

ഇന്ന് സർവ്വകലാശാലയിൽ നടന്ന ഫാക്കൽറ്റി യോഗത്തിൽ, ഓണററി ബിരുദ ബഹുമതി നേടിയ പ്രോ വൈസ് ചാൻസലർ ഡോ. സാബു തോമസിനെ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പൊന്നാട അണിയിച്ച് ആദരിച്ചു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലാ പ്രോ വൈസ് ചാൻസലർ ഡോ. സാബു തോമസ് ഫ്രാൻസിലെ ലൊറേയ്ൻ സർവ്വകലാശാലാ പ്രസിഡന്റ് പ്രൊഫ. പിയറി മുടൻഹാർട്ടിൽ നിന്നും ഓണററി ഡോക്ടർ ഓഫ് സയൻസ് ബിരുദം സ്വീകരിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**